സ്ഥലങ്ങളിൽ അത് മറ്റു സ്ഥലത്തേക്കുകൂടി കൊടുക്കുന്നതിന് ആവശ്യമായിട്ട് ആ സ്കീം വിപുലപ്പെടുത്തുവാനാവശ്യമായ സാമ്പത്തിക സഹായം ഗവൺമെൻറ് പഞ്ചായത്തുകൾക്ക് നൽകുമോ?

ശ്രീ. സി. എം. സുന്ദരം: അത് ഈ പദ്ധതിയിൽ വരുന്നില്ല.

ശ്രീ. എ. സി. ജോസ്: എറണാകുളം ജില്ലയിൽ കോട്ടുളി, ചേന്ദമംഗലം, ആലങ്ങാട്, തുടങ്ങിയ പഞ്ചായത്തുകളിൽ സാമ്പത്തിക ബുദ്ധിമുട്ടു കാരണം കുഴൽ കിണർ കുഴിക്കുന്നതിനോ മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനോ ഒന്നും കഴിയുന്നില്ല. ശമ്പളം കൊടുക്കുന്നതിനുമാത്രമേ അവിടുത്തെ മിക്കവാറും പഞ്ചായത്തുകൾക്ക് പണമുള്ളൂ എന്ന നില വന്നിരിക്കുന്നതുകൊണ്ട് ഈ കുഴൽ കിണർ കുഴിക്കുന്നതിനും അത്യാവശ്യം ശുദ്ധജലം ആളുകൾക്ക് എത്തിച്ചു കൊടുക്കുന്നതിനും പഞ്ചായത്തുകളെ സഹായിക്കുന്നതിന് സ്പെഷ്യൽ ഗ്രാൻറ് കൊടുക്കുന്നതിനും ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. സി. എം. സുന്ദരം: ഗ്രാൻറ് ഇനത്തിലുള്ള അരിയേഴ്സ് ആയ 25 കോടി രൂപ കൊടുത്തുതീർക്കാൻ കഴിയുമോ എന്നുള്ളതുതന്നെ സംശയമാണ്. ഗവൺമെൻറിൻെറ സാമ്പത്തിക സ്ഥിതിയനുസരിച്ച് മാത്രമേ പഞ്ചായത്തുകൾക്ക് ഗ്രാൻറ് വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): മറ്റു ജില്ലകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കുമെന്നു പറഞ്ഞത് ആശ്വാസകരം തന്നെ. ഇന്നിപ്പോൾ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നേരിട്ട് നടപ്പിലാക്കുന്ന കുഴൽ കിണർ പരിപാടി വിജയകരമല്ല. അതുകൊണ്ട് വാട്ടർ അതോറിറ്റിയെ ഈ ഭാരംകൂടി ഏൽപ്പിക്കുകയാണെങ്കിൽ അത് എത്രമാത്രം വിജയകരമായിത്തീരുമെന്ന കാര്യത്തിൽ സംശയമുണ്ട്. അതുകൊണ്ട് പഞ്ചായത്തുതലത്തിൽ കുഴൽക്കിണർ കുഴിപ്പിക്കുന്ന പദ്ധതി പ്രത്യേകമായിഏടുത്തുകൊണ്ട് അത് വിജയകരമാക്കിത്തീർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: തൽക്കാലം ഉദ്ദേശിക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വംബോർഡ് ഗ്രാൻറ്

* 244 [382] ശ്രീ. എം. എം. ഹസ്സൻ:
,, പി. പി. തങ്കച്ചൻ:
,, കെ. കെ. ശ്രീനിവാസൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വംബോർഡിനു ഗവൺമെൻറ് നൽകിവരുന്ന ഗ്രാൻറ് എത്ര;

(ബി) ദേവസ്വം ബോർഡ് ഗ്രാൻറ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) വർഷത്തിൽ 46.5 ലക്ഷം രൂപ.

(ബി) ഉണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ദേവസ്വം ബോർഡിന്റെ ഈ ഗ്രാന്റ് തുക നിശ്ചയിച്ചത് എത്രവർഷത്തിലാണെന്ന് പറയാമോ? തുക നിശ്ചയിച്ച കാലഘട്ടത്തിന്റെ അടിസ്ഥാനത്തിൽ കാലാനുസൃതമായി തുക വർദ്ധിപ്പിച്ചുകൊടുക്കണമെന്നുള്ള ദേവസ്വം ബോർഡിന്റെ ആവശ്യം ഗവൺമെന്റ് അംഗീകരിക്കുമോ?

ശ്രീ. സി. എം. സുന്ദരം: പരിഗണിക്കാം.

ശ്രീ. എം. എം. ഹസ്സൻ: ദേവസ്വം ബോർഡിനുവേണ്ടി കേരളത്തിൽ മൊത്തത്തിൽ ഒരു ഏകീകൃതസംവിധാനം ഉണ്ടാക്കണമെന്ന് ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ആളുകൾ വളരെക്കാലമായി ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഇതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ്?

ശ്രീ. സി. എം. സുന്ദരം: അത് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. ശ്രീനിവാസൻ: കവനൻറ് വ്യവസ്ഥയനുസരിച്ച് ദേവസ്വംബോർഡിനു ഗവൺമെന്റ് നൽകുവാൻ ബാദ്ധ്യതയുള്ള തുക വർദ്ധിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ? കാലാകാലങ്ങളിൽ അനുവദിക്കുന്ന അധിക ഗ്രാന്റ് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. സി. എം. സുന്ദരം: അങ്ങനെ കാലാകാലമായി ഗ്രാന്റ് വർദ്ധിപ്പിക്കാറില്ല. 1984-ൽ പ്രത്യേകമായ സാമ്പത്തിക ബുദ്ധിമുട്ടുണ്ടെന്നും നിവേദനം തന്നതിന്റെ അടിസ്ഥാനത്തിൽ 15 ലക്ഷം രൂപ അനുവദിച്ചതല്ലാതെ വേറെ സംഖ്യകളൊന്നും ഇതുവരെ കൊടുത്തിട്ടില്ല.

ശ്രീ. കെ. കെ. ശ്രീനിവാസൻ: ദേവസ്വം ബോർഡിന്റെ കണക്കുകൾ പരിശോധിക്കുന്നത് കവനൻറിലെ വ്യവസ്ഥയനുസരിച്ചാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഹൈന്ദവ മത സ്ഥാപനങ്ങളിൽ നിന്നും ദേവാലയങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനാഗ്രഹിക്കുന്ന മറ്റ് കേന്ദ്രങ്ങളിൽനിന്നും കാലാകാലങ്ങളിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ഇന്നു നിലവിലിരിക്കുന്ന ആഡിറ്റിംഗ് സമ്പ്രദായം അപര്യാപ്തമാണെന്നുള്ളത് പരിഗണിച്ചുകൊണ്ട് ദേവസ്വം ബോർഡുമായി ആലോചിച്ച് ഫലപ്രദമായി ആഡിറ്റിംഗ് നിർവ്വഹിക്കുന്നതിന് ഒരു പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കുമോ, പരിശ്രമിക്കുമോ?

ശ്രീ. സി. എം. സുന്ദരം: ആലോചിക്കാം.

ശ്രീ. എ. വി. താമരാക്ഷൻ: തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഗവൺമെന്റ് ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരമായി 46 ലക്ഷ

LIBRARY ARCHIVES Kerala Legislative Assembly

രൂപയാണ് 1949-ലെ പുനരുദ്ധാരണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചത്. ഇന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള 1,200 ക്ഷേത്രങ്ങളിൽ പണിയെടുക്കുന്ന ശാന്തിക്കാരൻ മുതൽ അടിച്ചുതളിക്കാർവരെയുള്ള നാലായിരത്തിൽപ്പരം വരുന്ന ജീവനക്കാർക്ക് ന്യായമായ ശമ്പളമോ പെൻഷനോ കൊടുക്കാൻപോലും കഴിയാതെ ദേവസ്വംബോർഡ് സാമ്പത്തികമായി ബുദ്ധിമുട്ടുകയാണ്. അത് കണക്കിലെടുത്തുകൊണ്ട് കാലാനുസൃതമായി വർദ്ധിപ്പിക്കുന്ന 15 കോടി രൂപയെങ്കിലും അവർക്ക് കൊടുക്കുവാനുള്ള ബാദ്ധ്യത ഉണ്ട് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഇതിനെസംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളും ദേവസ്വം ബോർഡുമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. സി. എം. സുന്ദരം: ബഹുമാനപ്പെട്ട അംഗം പറയുന്നത് ശരിയായിരിക്കാം. നിയമപരമായ ബാദ്ധ്യതകളെ സംബന്ധിച്ചിടത്തോളം എന്തുമാത്രം സഹായിക്കാൻ പറ്റുമെന്ന് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: തിരുവിതാംകൂർ ദേവസ്വംബോർഡും ഗുരുവായൂർ ദേവസ്വംബോർഡും ഉണ്ട്. ഏകീകരിച്ച ഒരു ദേവസ്വം ബോർഡിനെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ആലോചിച്ചു വരുന്നുവെന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. മലബാർ ഏരിയയെ സംബന്ധിച്ചിടത്തോളം ഇതിന് പ്രത്യേകമായി ഒരു സംവിധാനമില്ല. കമ്മീഷണറുടെ കീഴിലാണ് ഇതിന്റെ എല്ലാ രേണവും നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് മലബാറിലെ ദേവസ്വംബോർഡുകൾക്കെല്ലാംകൂടി പൊതുവായിട്ടുള്ള ഒരു ബോർഡുവരുന്നതുവരെയെങ്കിലും ഇത്തരമൊരു കമ്മിറ്റിയുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എം. സുന്ദരം: ഈ കാര്യങ്ങളെല്ലാം തന്നെ ഞാൻ നേരത്തെ പറയുകയുണ്ടായി. ആലോചിച്ചു കൊണ്ടിരിക്കുകയാണ്. അതത്ര എളുപ്പമുള്ള കാര്യങ്ങളല്ല.

ശ്രീ. കെ. പങ്കജാക്ഷൻ: പഴയ തിരുവിതാംകൂർ സംസ്ഥാനത്തെ ദേവസ്വങ്ങളുടെ മൂസ്വത്തുക്കളും മുഴുവനും അന്ന് റസിഡന്ററായിരുന്ന മൺറോ സായിപ്പ് ഹിന്ദുജനതയുടെ അഭിലാഷങ്ങളെയും വികാരങ്ങളെയും മാനിക്കാതെ മിസ്മാനേജുമെന്റിന്റെ മറ പറഞ്ഞിക്കൊണ്ട് സൊലേഷ്യമോ നഷ്ടപരിഹാരമോ ഒന്നുംതന്നെ നൽകാതെ ഏറെടുക്കുന്നതിന് തയ്യാറായി. ഈ മൂസ്വത്തുക്കളുടെ വരുമാനം പഴയ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ ഏതാണ്ട് അഞ്ചിൽ രണ്ടോളമായിരുന്നു. അതിന്റെ നഷ്ടപരിഹാരമെന്നുള്ളനിലയിൽ ഔദാര്യമായി ഇന്നുകൊടുക്കുന്ന തുക നാൽപത്താറോ നാൽപ്പത്തെട്ടോ ലക്ഷം ഉറുപ്പിക കവനൻറിൽ സ്ഥാപിതമാക്കിത്തീർത്തതാണെന്നുള്ള വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ ഒറ്റക്കാരണംകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗത്തോളം വരുമായിരുന്ന ഈ മൂസ്വത്തുക്കളിൽ നിന്നുള്ള വരുമാനത്തിനു പകരമായി ദേവസ്വംബോർഡിനർഹമായ വിഹിതം

LIBRARY ARCHIVES Kerala Legislative Assembly

നൽകാത്തതുകൊണ്ട് പല അമ്പലങ്ങളുടെയും നിത്യനിദാനച്ചെലവുകൾക്കു പോലും ഇന്ന് സഹായം നൽകുന്നതിനുകഴിയാത്ത ഒരു സ്ഥിതിയാണുള്ളത്. ഈ അടുത്തകാലത്തായി പ്രചണ്ഡപ്രക്ഷോഭണവുമായി രംഗത്തിറങ്ങിയിട്ടുള്ള അങ്ങയുടെ സഹോദരരിൽ പലരും തുച്ഛമായ വരുമാനത്തിനാണ് അമ്പലങ്ങളിൽ പണിയെടുത്തുകൊണ്ടിരിക്കുന്നത്. തന്ത്രിമാരും അവിടത്തെ പുരോഹിതൻമാരുമൊക്കെ അനുഭവിക്കുന്ന ഈ ദുരവസ്ഥയ്ക്ക് ഒരുതിരുത്തുന്നതിനുവേണ്ടി (പെൻഷൻ ഇപ്പോഴും നമ്മുടെ എല്ലാപേർക്കും വാരിക്കോരിക്കൊടുക്കുന്നുണ്ട്.) ഈ പാവപ്പെട്ട ജീവനക്കാർക്കും വാർദ്ധക്യകാലപെൻഷനോ ധനസഹായമോ ലഭിക്കുന്നതിന് മനുഷ്യത്വപരമായ പരിഗണന വച്ചുകൊണ്ടെങ്കിലും ഈ ഗ്രാന്റ് വർദ്ധിപ്പിച്ചുനൽകുന്നതിന് തയ്യാറാകുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): തിരുവിതാംകൂർ സ്റ്റേറ്റ് ഇൻഡ്യൻ യൂണിയനിൽ ലയിക്കുന്ന അവസരത്തിലുണ്ടാക്കിയിട്ടുള്ള കവനന്റിൽ അന്നത്തെ സാഹചര്യംവച്ചുകൊണ്ട് കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള സംഖ്യ ഇത്തരം എല്ലാ കാര്യങ്ങളും കണക്കിലെടുത്തിട്ടാണ് അന്നത്തെ അധികൃതൻമാർ ഉറപ്പാക്കിയിട്ടുള്ളതെന്നാണ് നിഗമനം. നിയമപരമായി അത് ദേഭഗതിചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ട്. ദേവസ്വത്തിന്റെ ബുദ്ധിമുട്ട് ഗവൺമെന്റിന് നന്നായിട്ടറിയാം. മാറ്റങ്ങളും ആവശ്യമാണെന്നുള്ളത് ഒരു പരിധിവരെ ശരിയാണ്. ഇതുസംബന്ധിച്ച് ഒരു നടപടി സ്വീകരിക്കുന്നതിന് നിയമപരമായ പല ബുദ്ധിമുട്ടുകളുമുണ്ടായതിന്റെ അടിസ്ഥാനത്തിലാണ് അവ തുടർന്നു മുന്നോട്ടു പോകാൻ സാധിക്കാതെ വന്നിട്ടുള്ളത്. ഏതായാലും ശരി ദേവസ്വങ്ങളുടെ ബുദ്ധിമുട്ടുകണക്കിലെടുത്തുകൊണ്ടാണ് ഇപ്പോഴും ഒരു അഡ്ഹോക്ക് പേയ്മെന്റ് നടത്തുന്നത്. ആ അഡ്ഹോക്ക് പേയ്മെന്റിനെ സംബന്ധിച്ചിടത്തോളം ഒന്നുകൂടി ഗവൺമെന്റ് പരിശോധിക്കാം. കവനന്റിലെ വ്യവസ്ഥയനുസരിച്ച് അത് വർദ്ധിപ്പിക്കുന്നതിന് നിയമപരമായ തർക്കം ഉണ്ട്. ഏതായാലും ദേവസ്വത്തിന്റെ ബുദ്ധിമുട്ടുകണക്കിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് ഈ അഡ്ഹോക്ക് പേയ്മെന്റ് നടത്തിയിട്ടുള്ളത്. ദേവസ്വംബോർഡിന്റെ ഭൂമിക്ക് അന്നു തിട്ടപ്പെടുത്തിയവിലയും ഇന്നത്തെ വിലയും തമ്മിൽ വ്യത്യാസമുണ്ട്. പിന്നീട് ഭൂമിക്ക് വില വർദ്ധിക്കുകയുണ്ടായി. ഒരു സ്വത്ത് ഒരാൾ വിറ്റുകഴിഞ്ഞാൽ ആ സ്വത്തിന് വില വർദ്ധിക്കുന്നു എന്നുള്ളതുകൊണ്ട് ആ സ്വത്തിൻമേലുള്ള അവകാശം ചോദിക്കുന്നതുപോലെയാണെന്നാണ് ഒരു അഭിപ്രായഗതി. ഇത് ഗവൺമെന്റിന്റെ അഭിപ്രായമല്ല. നിയമപരമായ കാര്യങ്ങളൊക്കെ പരിശോധിച്ചിട്ടുണ്ട്. ദേവസ്വംബോർഡിന്റെ ബുദ്ധിമുട്ടുകളും കണക്കിലെടുത്തുകൊണ്ട് എന്തുചെയ്യാൻ സാധിക്കുമെന്നുള്ളത് ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. കെ. പി. രാമൻ: ദേവസ്വം ബോർഡിന് ഗവൺമെന്റ് നൽകുന്ന ഗ്രാന്റ് ശരിക്കു ഉപയോഗിക്കുന്നില്ലെന്ന് പറഞ്ഞ് ഒരു വാർത്ത പത്രത്തിൽ വന്നതായിട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ സത്യസ്ഥിതിയെന്താണെന്ന് പറയാമോ?

ശ്രീ. സി. എം. സുന്ദരം: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly